## 116 'To Calvary Lord in Spirit'

1 എന്നന്തരംഗമേ പാടൂ പൊന്നേശുവിൻ ഗീതം
എന്നെ വീ    തൻ സ്നേഹത്തെ എന്നാളും കീർത്തിക്കാം

2 ആശയറ്റിട്ടാർത്തനായി ക്ലേശിച്ചുകേണു ഞാൻ
ഈശാ! നീയെന്റെ പാതകം ക്രൂശിൽ വഹിച്ചു ഹാ!

3 എന്നാധികൾ എൻ വ്യാധികൾ എല്ലാം വഹിപ്പാനായ്
എല്ലായ്പ്പോഴും ചാരെയുള്ളോൻ ആശ്വാസദായകൻ

4 വിണ്ണിലെത്തും നാൾവരെയും കണ്ണീർ താഴ്‌വര;
മണ്ണിലെ വാസമെങ്കിലും പൂർണ്ണാനന്ദം നീയേ!

5 എൻപേർക്കു, പക്ഷവാദമായ് അൻപെഴുമാചാര്യൻ
ഉന്നതത്തിൽ വാണിടുന്നു എൻ പൂർണ്ണരക്ഷകനായ്

M. Varghese